(ഡി) സുനാമി ദുരന്തം മൂലം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ കീഴിലുള്ള ഫിഷിംഗ് ഹാർബറുകൾ, മത്സ്യബന്ധന കേന്ദ്രങ്ങൾ, റോഡുകൾ എന്നിവയുടെ പുനരുദ്ധാരണത്തിനായി 2,750 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അയച്ചുതന്നിട്ടുള്ളതിൽ പുതിയാപ്പ ഹാർബറിന്റെ കേടുപാടുകൾ തീർക്കുന്നതിനായി 250 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഗഹാൻ സമ്പ്രദായം

165. [764] ശ്രീ. വർക്കല കഹാർ :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. വി.ജെ. പൗലോസ് :

,, പി. ശങ്കരൻ :

,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്നോ സഹകരണ ബാങ്കുകളിൽനിന്നോ വസ്തു ഈടിന്മേൽ എടുക്കുന്ന എല്ലാ വായ്പകൾക്കും ഗഹാൻ സമ്പ്രദായം ബാധകമാണോ ;

(ബി) സഹകരണ ബാങ്കുകളിൽനിന്നെടുക്കുന്ന വായ്പകൾക്കും കാർഷികേതര ആവശ്യങ്ങൾക്കെടുക്കുന്ന വായ്പകൾക്കും ഗഹാൻ സമ്പ്രദായം ബാധകമല്ലെന്ന് രജിസ്ട്രേഷൻ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഗഹാൻ സമ്പ്രദായത്തിലൂടെ വായ്പയെടുക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള തെറ്റിദ്ധാരണകൾ നീക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ ബാങ്കുകൾ/സൊസൈറ്റികൾ, പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽനിന്നും വസ്തു ഈടിന്മേൽ എടുക്കുന്ന എല്ലാ വായ്പകൾക്കും ഗഹാൻ സമ്പ്രദായം ബാധകമാണ്.

(ബി) ഇല്ല.

(സി) നടപടി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly